അദ്ധ്യായം 2

# കിഴക്കേമണിയങ്ങാട്ടു കുടുംബം





കിഴക്കേമണിയങ്ങാട്ട് തൊമ്മൻ കുര്യൻ കിഴക്കേ മണിയങ്ങാട്ട് കുര്യൻ കുര്യൻ

തൊമ്മൻ-ഏലി ദമ്പതികളുടെ മൂന്നാമത്തെ പുത്രനും ചാണ്ടി, തൊമ്മൻ എന്നിവരുടെ അനുജനുമായ കുര്യൻ പാളയം പള്ളി ഇടവക പരുത്തിപ്പാറ കുടുംബാംഗമായ റോസയെ വിവാഹം കഴിച്ചു. ഈ കുടുംബം മണിയങ്ങാട്ടു ചേരിക്കലിന്റെ കിഴക്കുമാറിത്താമസിച്ചു. വാക്കപ്പലം തോടിന്റെ പടിഞ്ഞാറുവശത്തായിരുന്നു ആ വീടിനു കിഴക്കേമണിയങ്ങാട്ട് എന്നു പേർ പറഞ്ഞിരുന്നു പുളിച്ചിമാക്കൽ പുരയിടത്തിലായിരുന്നു ആ വീട്

കുര്യൻ-റോസ ദമ്പതികൾക്ക് കുര്യൻ, ഏലി, അന്നമ്മ, ത്രേസ്യാമ്മ എന്നു നാലുമക്കൾ ജാതരായി. പിതാവ് കുര്യൻ 87-ാം വയസ്സിൽ 1951 ഡിംസബർ 10-ന് മാതാവ് റോസ 1943 മാർച്ചിലും നിര്യതരായി. ഏകമകൻ കുര്യൻ തോടനാൽ പള്ളി ഇടവക തൊടുകയിൽ നന്തികാട്ടു മത്തായി-മറിയം മകൾ മറിയത്തെ സ്വവധുവാക്കി. ഈ ദമ്പതികൾക്ക് കുര്യൻ, മത്തായി, തോമസ്, അബ്രാഹം, ജോസഫ്, മേരി എന്ന് ആറുമക്കൾ ജനിച്ചു.

പിതാവ് കുര്യൻ റോസ ദമ്പതികളുടെ മൂത്തമകൾ ഏലിയെ തമ്പലക്കാട്ടുപള്ളി ഇടവക വട്ടയ്ക്കാട്ടു ചാക്കോ-ഏലി മകൻ അബ്രഹം സഹധർമ്മിണിയാക്കി. ഇവർക്ക് ഏലിക്കുട്ടി, റോസമ്മ, മറിയക്കുട്ടി, ക്ലാരമ്മ, അന്നമ്മ, ചാക്കോ, കുര്യാക്കോസ്, ജോസഫ് എന്നിവർ മക്കളാണ്.

ഏലി-അബ്രാഹം ദമ്പതികളുടെ മൂത്തമകൾ ഏലിക്കുട്ടി തമ്പലക്കാട്ട് ആയല്ലൂർ കുടുംബാംഗമായ ജോസഫിന്റെ പത്നിയാണ്. രണ്ടാമത്തെമകൾ റോസമ്മയെ ഏലിക്കുളം പള്ളി ഇടവക തകിടിയേൽ ജോസഫ് കല്യാണം കഴിച്ചു. മറിയക്കുട്ടിയെ എലിക്കുളം വാണിയപ്പുരയ്ക്കൽ ജോസഫും പരിണയിച്ചു. ക്ലാരമ്മ എലിക്കുളം തെക്കേൽ തോമസിന്റെയും ഇളയമകൾ അന്നമ്മ കുറുമ്പനാടം ഓവേലിൽ ജോർജ്ജിന്റെയും കുടുംബിനിമാരായി.

മാതാവ് ഏലി 1980 ഏപ്രിൽ 10-ാം തീയതിയും പിതാവ് അബ്രാഹം വട്ടയ്ക്കാട്ട് 1990 ആഗസ്റ്റ് 11-ാം തീയതിയും അന്തരിച്ചു.

കുര്യൻ-റോസ ദമ്പതികളുടെ രണ്ടാമത്തെ മകൾ അന്നമ്മയെ മുണ്ടക്കയം മൂലയിൽ തൊമ്മച്ചന്റെ മകൻ വൈദ്യകലാനിധി എം. റ്റി.ചെറിയാൻ സ്വകുടുംബിനിയാക്കി. ഇവർക്ക് ഒരു പുത്രനും മൂന്നു പുത്രിമാരും ഉണ്ട്. ചെറിയാൻ വൈദ്യൻ മുണ്ടക്കയത്ത് പ്രശസ്തമായ നിലയിൽ ഒരു ആയുർവേദ ചികിത്സാലയം നടത്തിയിരുന്നു.

ഇദ്ദേഹത്തിന്റെ പുത്രൻ ഡോ. എം.സി. ജോസഫ് മുണ്ടക്കയം കാഞ്ഞിരപ്പള്ളി ആശുപത്രികളിൽ സിവൽ സർജനായിരുന്നു. റിട്ടയർ ചെയ്ത ശേഷം മുണ്ടക്കയത്ത് സ്വന്തമായി ചികിത്സനടത്തുന്നു. പെണ്ണമ്മ ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട് പാലാ, ത്രേസ്യാമ്മ ജോസഫ് ചീരാം കുഴിയിൽ ഇളങ്ങുളം, മേരിമാത്യു നീരാക്കൽ മുട്ടുചിറ എന്നിവരാണ് പുത്രിമാർ പെണ്ണമ്മയുടെ ഭർത്താവ് വി.റ്റി. ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട് പാലായിൽ താമസിക്കുന്നു.

ത്രേസ്യാമ്മ ഹൈസ്കൂൾ അധ്യാപികയായിരുന്നു. ഭർത്താവ് പി.വി. ജോസഫ് ചീരാംകുഴി ഹൈസ്കൂൾ ഹെഡ്മാസ്റ്ററും ആയിരുന്നു. മേരിയുടെ ഭർത്താവ് മാത്യു നീരാക്കൽ അസി. എഡ്യുക്കേഷൻ ആഫീസർ ആയിരുന്നു.

പിതാവ് എം.റ്റി. ചെറിയാൻ വൈദ്യൻ 75-ാം വയസ്സിൽ 1981-ഒക്ടോബർ 31-നും മാതാവ് അന്നമ്മ 73-ാം വയസ്സിൽ 1983 ജൂൺ 5-നും ദിവംഗതനായി.

കുര്യൻ-റോസാദമ്പതികളുടെ മൂന്നാമത്തെമകൾ ത്രേസ്യാമ്മയെ മറ്റക്കരമീൻപുഴയ്ക്കൽ തൊമ്മച്ചൻ വിവാഹം കഴിച്ചു. ഈ

ദമ്പതികൾക്ക് ജോസഫ്, മാത്യു, തോമസ്, എബ്രാഹം, റോസമ്മ എന്ന് അഞ്ചുമക്കൾ റോസമ്മയെ ആലുവാ കാച്ചപ്പള്ളിൽ വർഗീസ് പാണിഗ്രഹണം ചെയ്തു. പിതാവ് തോമസ് 1950 ഡിസംബർ 10 -ന് തൃശൂർ വടക്കാഞ്ചേരിയിൽ വച്ച് നിര്യാതനായി.

കുര്യൻ-റോസ ദമ്പതികളുടെ ഏകമകൻ കുര്യന്റെ (പാപ്പൻ) ഏകമകൾ മേരിയെ പെരുവന്താനം ഇടവക വാണിയപ്പുരയ്ക്കൽ മത്തായി അന്ന മകൻ മാത്യു സ്വകുടുംബിനിയാക്കി ഇവർക്ക് ഒൻപതു മക്കൾ.

മൂത്ത പുത്രി ജോളിയെ രാമപുരം കല്ലകത്ത് ആഗസ്റ്റിസാറിന്റെ മകൻ ജോസ് വിവാഹം ചെയ്തു. ജോജോ, ജോമോൻ എന്നിവർമക്കൾ.

രണ്ടാമത്തെ പുത്രി മിനി സെന്റ് ആൻസ് മഠത്തിൽ ചേർന്ന് സന്യാസപരിശീലനം നടത്തുന്നു.

ഇളയമകൾ റാണിയെ ഇളങ്ങുളത്ത് വിവാഹം ചെയ്തയച്ചു.

ബാബു, സാബു, സണ്ണി, സിബി, ജോയി, ബെന്നി എന്നിവരാണ് മറ്റുമക്കൾ ഇവരിൽ ബാബു കോരുത്തോട് സഹകരണബാങ്കുജീവനക്കാരനാണ് സജി കോരുത്തോട്ടിൽ വ്യാപാരിയാണ്. പിതാവ് വാണിയപുരയ്ക്കൽ മാത്യു നിര്യാതനായി.

പിതാവ് കുര്യൻ (പാപ്പൻ) 1950 ജനുവരി 12-നും മാതാവ് മറിയം 1943 ഫെബ്രുവരിയിലും കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

കുര്യൻ(പാപ്പൻ)മറിയം ദമ്പതികളുടെ മൂത്തപുത്രൻ കുര്യൻ (കുഞ്ഞൂട്ടി) ചെങ്ങളം ഇടവക ഇടുപ്പാടികരോട്ട് വീട്ടിൽ നിന്ന് അന്നമ്മയെ ജീവിത പങ്കാളിയാക്കി, കുര്യൻ, ജോസ്, ആഗസ്തി, മാത്യു, ക്ലാരമ്മ എന്നിവരാണ് ഇവരുടെ മക്കൾ. ഏകമകൾ ക്ലാരമ്മ നീലൂർ നരിയൻകുന്നേൽ ജോസിന്റെ കുടുംബിനിയാണ്. ഇവർക്കു രണ്ടു സന്താനങ്ങളുണ്ട്.

പുത്രന്മാരിൽ രണ്ടാമൻ ജോസ് അയർക്കുന്നം ചാമക്കാലായിൽ ഏലമ്മയെ വിവാഹം കഴിച്ചു. സുബി, സന്തോഷ്, എന്നിവർ മക്കളായുണ്ട്. സുബി വിവാഹിതയായി വിഴിക്കത്തോട്ട് ഇടയാടിയിൽ വിൻസെന്റ് ആണ് കണവൻ.

പാപ്പന്റെ മൂത്ത മകൻ കുഞ്ഞുട്ടിയെന്ന കുര്യന്റെ മറ്റു പുത്രന്മാരായ കുര്യനും ആഗസ്തിയും മാത്യുവും പിതാവു കുര്യനോടൊത്ത് ഹൈറേഞ്ച് മുരിക്കാശ്ശേരിയിൽ താമസിക്കുന്നു.



**കിഴക്കേമണിയങ്ങാട്ട് മത്തായി കുടുംബം**

പാപ്പനെന്ന കുര്യന്റെയും മറിയത്തിന്റെയും രണ്ടാമത്തെ മകൻ മത്തായി കിഴക്കേമണിയങ്ങാട്ടു പുരയിടത്തിന്റെ പടിഞ്ഞാറേ അരികിൽ അഞ്ചാനിക്കൽ എന്ന പുരയിടത്തിൽ വീടുവച്ചു താമസിക്കുന്നു. കൊഴുവനാൽ പടന്നമാക്കൽ (തലവയൽ) തൊമ്മൻ റോസ മകൾ മേരിയാണ്. സഹധർമ്മണി ഇവർക്ക് തോമസ് സിറിയക്ക് മാത്യു എന്ന മൂന്നുപുത്രന്മാരും മേരി, റോസമ്മ, ഗ്രേസി, ലിസി എന്നു നാലു പുത്രിമാരുമുണ്ട്.

മൂത്തപുത്രി മേരിയെ ഇളങ്ങുളം ഊട്ടുകളത്തിൽ ചാക്കോ ഏലി മകൻ ജോസഫ് വിവാഹം ചെയ്തു. ഇവർക്ക് ജോസുകുട്ടി എന്നൊരു മകനുണ്ട്.

രണ്ടാമത്തെപുത്രി റോസമ്മ വാഴൂർ കാനാട്ടു വർക്കി-ഏലിയാമ്മ മകൻ ജോണിയുടെ കുടുംബിനിയാണ്. ഇവർക്ക് ജോൺസി, ജോസ്മി, ജോസുകുട്ടി എന്നു മൂന്നുമക്കൾ.

മൂന്നാമത്തെ പുത്രി ഗ്രേസി അർപ്പിത സന്യാസിനിയാണ്. ബി. എസ്സി., ബി.എഡ് പസ്സായിട്ടുണ്ട്. ആന്ധ്രപ്രദേശിൽ വിജയവാഡാ ആസ്ഥാനമായുള്ള സെന്റ് ആൻസ് കോൺവെന്റിലാണ് ചേർന്നത്. 1990 നവംബർ 19-ാം തീയതി സഭാവസ്ത്രം സ്വീകരിച്ചു. അന്നുമുതൽ സി.ഗ്രേയ്സ് മാത്യൂസ് എന്ന സന്യാസനാമത്തിൽ അറിയപ്പെടുന്നു. ഇപ്പോൾ വിശാഖപട്ടണത്തിനുസമീപം പെദ്ദുബയാലു സെന്റ് ആൻസ് ഹൈസ്കൂൾ പ്രിൻസിപ്പലാണ്.

നാലാമത്തെ മകൾ ലിസ്സിയെ വാകക്കാട്ട് ഇടവക മുത്തനാട്ട് ജോസഫ്-ഏലിയാമ്മ മകൻ ചാക്കോ (ബെന്നി) വിവാഹം ചെയ്തു. രണ്ടുമക്കളുണ്ട്. റ്റോണിയും, ബോണിയും.



കിഴക്കേമണിയങ്ങാട്ട് പാപ്പച്ചനും കുടുംബവും

മത്തായി-മേരി ദമ്പതികളുടെ മൂത്തപുത്രൻ തോമസ് (പാപ്പച്ചൻ) പാലാതയ്യിൽ മത്തായി-അന്നമ്മ മകൾ ആനീസിനെ പാണിഗ്രഹണംചെയ്തു. ഈ ദമ്പതികൾക്ക് വിപിൻ, സുബിൻ, ബോബിൻ എന്നിവർ മക്കൾ തറവാടിനു സമീപം പുതിയവീടുവച്ച് ഈ കുടുംബം താമസിക്കുന്നു. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ തോമസ് സജീവമായി പ്രവർത്തിക്കുന്നു. കൊഴുവനാൽ ഗ്രാമപഞ്ചായത്ത് മെമ്പറും ആയിരുന്നു.



കിഴക്കേമണിയങ്ങാട്ട് ബേബിയും കുടുംബവും

മത്തായി-മേരി ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ സിറിയക് (ബേബി) കാഞ്ഞിരപ്പള്ളി ആനക്കല്ല് ഇടവക പുറത്തയിൽ ഡോമിനിക് - മറിയാമ്മ മകൾ മേരി (മോളി)യെ പരിണയിച്ചു. ഇവർക്ക് രണ്ടു കുട്ടികൾ സിമിയും, സുമിയും

ഇളയമകൻ മാത്യു (കുട്ടിയച്ചൻ)വും വിവാഹിതനാണ്. ചെങ്ങളം തോലാനിക്കൽ തോമസ്-റോസമ്മ മകൾ മരിയറ്റാണ് ഭാര്യ. അജീഷ്, ബിജി എന്നിവർ മക്കൾ.



കിഴക്കേമണിയങ്ങാട്ട് തൊമ്മച്ചനും കുടുംബം

കുര്യൻ-മറിയം ദമ്പതികളുടെ മൂന്നാമത്തെമകൻ തോമസ് മറ്റക്കര മീൻപുഴയ്ക്കൽ ജോസഫ് - അന്നമകൾ റോസമ്മയെ സഹധർമ്മിണിയാക്കി. ഈ ദമ്പതികൾക്ക് മൂന്നു പുത്രന്മാരും ഏഴു പുത്രിമാരും സന്താനങ്ങളായുണ്ട്. ഈ കുടുംബം മലബാറിൽ കൊട്ടിയൂരിൽ താമസിക്കുന്നു.

തോമസ് - റോസമ്മ ദമ്പതികളുടെ മൂത്തമകൾ (കുട്ടിയമ്മ) സിസ്റ്റർ റ്റെസി ആന്ധ്രാപ്രദേശിൽ ദേവഗിരി പ്രസന്റേഷൻകോൺവെന്റിന്റെ മദർ സുപ്പീരിയറായി സേവനം അനുഷ്ഠിക്കുന്നു.

രണ്ടാമത്തെ പുത്രി എമിലി ബി.എ., ബി.എഡ്., മാനന്തവാടി രൂപതവക ഹൈസ്കൂളിൽ അധ്യാപികയാണ്. കണിയാരാം ഇടവക പുന്നക്കുഴി സെബാസ്റ്റ്യൻ-മറിയാമ്മ മകൻ ജോസ് എം.എ.,

ബി.എഡ്., ആണ് ജീവിതപങ്കാളി. ജോസും അതേ ഹൈസ്കൂളിൽ പഠിപ്പിക്കുന്നു. ആ അധ്യാപക ദമ്പതികൾക്ക് ഡോൺ, സെറിൻ, സോണിയാ എന്നു മൂന്നു സന്താനങ്ങൾ.

മൂന്നാമത്തെ പുത്രി എൽസമ്മയും ബി.എ., ബി.എഡ്., ബിരുദധാരിണിയാണ്. മാനന്തവാടി ഹൈസ്കൂൾ അധ്യാപികയും മാനന്തവാടി പാറത്തോട്ടാ ഇടവക പുത്തേട്ട സെബാസ്റ്റ്യൻ-ഏലിക്കുട്ടി മകൻ സോജൻ ആണ് എൽസമ്മയുടെ കണവൻ സോജനും ബി.എ., ബി.എഡ്. പാസ്സായിട്ടുണ്ട്. മേപ്പാടി ഹൈസ്കൂളിൽ പഠിപ്പിക്കുന്നു. ആ ടീച്ചർ ദമ്പതികൾക്ക് മീര, മിഥുൻ എന്നു രണ്ടുമക്കളുണ്ട്.

തോമസ്-റോസമ്മ ദമ്പതികളുടെ മൂത്തപുത്രൻ ജോസും എം.എ., ബി.എഡ്., ബിരുദമെടുത്തിട്ടുണ്ട്. കുവൈറ്റിലാണ് ജോലി. വിളക്കന്നൂർ ഇടവക പന്തിരുവേലിൽ ജോസ്-മേരി മകൾ സജിനിയാണ് സഹധർമ്മിണി സൂര്യ, സാന്ദ്ര, സെമന്തിക എന്ന മൂന്നു പുത്രിമാരുണ്ട്.

തോമസ്-റോസമ്മമാരുടെ രണ്ടാമത്തെ പുത്രൻ നെൽസൺ എം.എ., എൽ.എൽ.ബി. പാസ്സായി. തലശ്ശേരി കോടതിയിൽ അഭിഭാഷകനാണ്. എടൂർ വട്ടംതൊട്ടിയിൽ തോമസ് - ലീലാമ്മ ദമ്പതികളുടെ പുത്രി ഡോളിയാണ് നെൽസൺന്റെ ജീവിത പങ്കാളി. ഇവർക്ക് രണ്ടുകുട്ടികൾ. മൂത്തമകൾ സ്വീറ്റി. കൊട്ടിയൂർ ഹയർസെക്കണ്ടറി സ്കൂൾ അധ്യാപികയാണ് ഡോളി.

തോമസ് - റോസമ്മമാരുടെ മൂന്നാമത്തെ മകൻ ജോഷി ഇൻഡ്യൻ ആർമിയിൽ ഡോക്ടറാണ്. മേജർ ജോഷി ബി.എസ്സി., എം.ബി.ബി.എസ്സ്., എം.ഡി.യുടെ പത്നി ഡോ. സോണിയാ ബി.ഡി.എസ്സ്. നെടുംപുറംചാൽ ഇടവക പന്തപ്ലാക്കൽ ചെറിയാൻ തങ്കമ്മ ദമ്പതികളുടെ പുത്രിയാണ്. ജോഷി സോണിയാ ദമ്പതികൾക്ക് ചിന്നു എന്നൊരു പുത്രിയുണ്ട്.

നാലാമത്തെ പുത്രി റൂബി നേഴ്സായി ദുബായിൽ ജോലി ചെയ്യുന്നു. ഭർത്താവ് സിബി കിളിയന്തറ കുരിശു വീട്ടിൽ ജോൺ-ത്രേസ്യാമ്മ ദമ്പതികളുടെ പുത്രനാണ്. റൂബി സിബി ദമ്പതികൾക്ക് ശ്രീക്കുട്ടി, ഷൈൻ എന്ന രണ്ടു പുത്രിമാരുണ്ട്. സിബിയും ദുബായിൽ ജോലി ചെയ്യുന്നു.

അഞ്ചാമത്തെ പുത്രി സജിയും ആറാമത്തെ പുത്രി സിജിയും ഇരട്ട പിറന്നവരാണ്.

സജി കാസർഗോഡ് മുന്നാട് യു.പി.സ്കൂൾ അധ്യാപികയാണ്. സിജിയെ വിവാഹം ചെയ്തിരിക്കുന്നത് പെരുപുന്ന ഇടപ്പാട്ടു വീട്ടിൽ മത്തായി - മറിയാമ്മമാരുടെ മകൻ ബേബിയാണ്. കെ.എസ്.ഇ.ബി. കാസർഗോഡ് സെക്ഷനിൽ സീനിയർ അസിസ്റ്റന്റ് ആണ് ബേബി.

സിജി ഹിന്ദി ബി.എഡ് കഴിഞ്ഞ് ഹൈസ്കൂളിൽ പഠിപ്പിക്കുന്നു ചെമ്പാനോട്ടു മേട്ടേൽ തോമസിന്റെയും ഏലിക്കുട്ടിയുടെയും മകൻ ബിനോയ് ആണ് സിജിയുടെ കണവൻ. ബിനോയ് ഹയർസെക്കണ്ടറി സ്കൂൾ അധ്യാപകനാണ്. ഈ ദമ്പതികളുടെ ഏക പുത്രി സോനാ.

തോമസ് - റോസമ്മമാരുടെ കനിഷ്ഠ പുത്രി ബോബി ദുബായിൽ കമ്പനി സെക്രട്ടറിയായി ജോലിയിലിരിക്കുന്നു. ചുങ്കക്കുന്ന് കൊച്ചറയ്ക്കൽ അഗസ്റ്റിൻ മേരി മകൻ ജയിംസാണ് ബോബിയുടെ ജീവിത പങ്കാളി ജയിംസും ദുബായിൽ കമ്പനി ഉദ്യോഗസ്ഥനാണ്.

## കുര്യൻ അബ്രാഹം കിഴക്കേമണിയങ്ങാട്ട്



കുര്യൻ എബ്രാഹവും ഭാര്യയും


കുര്യൻ - മറിയം ദമ്പതികളുടെ നാലാമത്തെ പുത്രനായ അബ്രാഹം അകലക്കുന്നം വില്ലേജിൽ കല്ലുപുരയ്ക്കൽ വീട്ടിൽ താമസിക്കുന്നു. കാഞ്ഞിരമറ്റം വെട്ടിക്കാട്ടിൽ (തകിടിയേൽ) കുര്യാക്കോസ്-മറിയം മകൾ റോസമ്മയെന്ന അച്ചാമ്മയാണ് സഹധർമ്മിണി ഈ ദമ്പതികൾക്ക് ആറു മക്കളുണ്ട്.



കിഴക്കേമണിയങ്ങാട്ട് എം.കെ. എബ്രാഹവും കുടുംബവും

മൂത്തമകൾ വത്സമ്മ തൃപ്പൂണിത്തുറ ഗേൾസ് ഹൈസ്കൂൾ അധ്യാപികയാണ്. ബി.എ.ബി.എഡ്. ബിരുദദാരിണിയാണ്.

രണ്ടാമത്തെ പുത്രി ഗ്രേസിക്കുട്ടി (റോസമ്മ) എം.എ. ബി.എഡ്. പസ്സായി എറണാകുളം എസ്.ആർ.വി. ഗവ. പ്ലാസ് ടു സ്കൂൾ പ്രിൻസിപ്പലാണ്. തീക്കോയി വള്ളിക്കാപ്പിൽ ജോർജ് റോസമ്മ മകൻ ജോർജ് ആണ് കണവൻ. എറണാകുളം ഏ.ജീസ് ആഫീസിൽ സീനിയർ ഓഡിറ്ററാണ് ജോർജ്ജ്. ജോർജ് ഗ്രേസിക്കുട്ടി ദമ്പതിമാർക്ക് മീര, മാജ എന്ന രണ്ടു പുത്രിമാരുണ്ട്.



കിഴക്കേമണിയങ്ങാട്ട് ബേബിയും (സിറിയക്) കുടുംബവും



**കിഴക്കേമണിയങ്ങാട്ട് ബാബുവും കുടുംബവും**

അബ്രാഹം-റോസാമ്മമാരുടെ മൂന്നാമത്തെ സന്താനമായ സിറിയക് (ബേബി) ഫെഡറൽ ബാങ്ക് സീനിയർ ഓഫീസാറാണ്. വാഴൂർ ചെങ്കല്ലേൽ പതിയിൽ ജോസഫ്-മേരി ദമ്പതികളുടെ പുത്രി ഡയിസി (എലിസബത്ത്) ആണ് ബേബിയുടെ സഹധർമ്മിണി എം.എസ്സി. ബി.എഡ്. കാരിയായ ഡയിസി കാഞ്ഞിരപ്പള്ളി രൂപത വക ഹൈസ്കൂളിൽ അധ്യാപികയാണ് ഇവർക്ക് ദീപു, മീനു, റിയാ എന്നു മൂന്നമക്കൾ  ഈ കുടുംബം പള്ളിക്കത്തോട്ടിൽ സ്വന്തം ഭവനത്തിൽ താമസിക്കുന്നു.

അബ്രാഹം-റോസമ്മമാരുടെ നാലാമത്തെ സന്താനമായ ബാബു (അബ്രാഹം) എം.എസ്സി., എൽ.എൽ.ബി. ഹൈദരാബാദിലെ കേന്ദ്രഗവ: വക കൃഷിഡിപ്പാർട്ടുമെന്റിൽ സീനിയർ ആഫീസറാണ്. വൈക്കം പൂത്തോട്ടയിൽ കുട്ടോപറമ്പിൽ കെ.വി. കുര്യാക്കോസിന്റെ മകൾ ലിസ്സാ എ.എസ്സി. എം.എഡ്. ആണ് ബാബുവിന്റെ പത്നി. ഹൈദരാബാദ് കേന്ദ്രീയ വിദ്യാലയത്തിൽ അധ്യാ

പികയാണ് ലിസ്സാ. ഈ ദമ്പതികൾക്ക് റോഷിൻ, റിങ്കി എന്ന രണ്ടു പുത്രിമാരുണ്ട്.

അബ്രാഹം-റോസമ്മ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ രാജു ബി.എസ്.സി. എൽ.എൽ.ബി. (ജോസഫ്) അഭിഭാഷകനായി കോട്ടയം കോടതികളിൽ വ്യവഹരിക്കുന്നു. രാജു നിലമ്പൂർ മണിമൂളിപ്പള്ളി ഇടവക പാറടിയിൽ, മാത്യു - ത്രേസ്യാമ്മ മകൾ ലിജിയെ പാണിഗ്രഹണം ചെയ്തു. ലിജി ബി.എസ്സി. ബി.എഡ്. മറ്റക്കര ഗവ. പോളിടെക്നിക്കിൽ ഉദ്യോഗസ്ഥയാണ്. ലിന്റാ, എബി, മാത്യു എന്ന മൂന്നുമക്കൾ ഇവർക്കുണ്ട്.

അബ്രാഹം-റോസമ്മമാരുടെ ഇളയ പുത്രി ടെസി (ത്രേസ്യാ)എം.എ. ബി.എഡ്. ഭരണങ്ങാനം സെന്റ് മേരീസ് സെക്കൻഡറിയിൽ +2 അധ്യാപികയാണ്. കുറവിലങ്ങാട് ദേവമാതാ കോളേജ് അധ്യാപകൻ കുന്നേൽ (തലനാട്) ഡോ. ജോൺസൺ ടെസിയെ പരിണയിച്ചു. ഒരു കുട്ടിയുണ്ട്, ലിഡാ.



**കിഴക്കേമണിയങ്ങാട്ട് അപ്പച്ചനും ഭാര്യയും**

കുര്യൻ-മറിയം ദമ്പതികളുടെ അഞ്ചാമത്തെ പുത്രനായ ജോസഫ് (അപ്പച്ചൻ) കിഴക്കേമണിയങ്ങാട്ടു തറവാട്ടിൽ താമസിക്കുന്ന തോടനാൽ പവ്വത്തു തോമസ്-അന്നമ്മ മകൾ ചിന്നമ്മയാണ് അപ്പച്ചന്റെ ധർമ്മപത്നി. ഈ ദമ്പതികൾക്ക് സന്താനസൗഭാഗ്യം ഉണ്ടായിട്ടില്ല.